പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 18.06.2012-ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ .159 .

## ട്രോളിങ് നിരോധന സമയത്തെ വിദേശക്കപ്പലുകളുടെ മത്സ്യബന്ധനം

**ചോദ്യം** **മറുപടി**

| | | | |
|---|---|---|---|
| | **ശ്രീ. വി. ഡി. സതീശൻ**<br>**,, റ്റി. എൻ. പ്രതാപൻ**<br>**,, പി. സി. വിഷ്ണുനാഥ്**<br>**,, പി. എ. മാധവൻ** | | **ശ്രീ. കെ.ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | ട്രോളിങ് നിരോധനം സംബന്ധിച്ച് എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കമോ; | (എ) | ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് തീരദേശ ജില്ലാ കളക്ടർമാരെ നോഡൽ ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. [ജി.ഒ. (ആർ.റ്റി) നമ്പർ 488/12/എഫ്&പി.ഡി. തീയതി 11.06.2012.] കടൽ രക്ഷാ പ്രവർത്തനം/കടൽ പട്രോളിംഗ് എന്നിവ നടത്തുന്നതിനായി ഫിഷറീസ് വകുപ്പിന് സ്വന്തമായി ആവശ്യമായ ബോട്ടുകൾ ഇല്ലാത്തതിനാൽ തീരദേശ ജില്ലകളിൽ ആകെ 14 ബോട്ടുകളും, 6 ഫൈബർ വള്ളങ്ങളും സ്വകാര്യ വ്യക്തികളിൽ നിന്ന് വാടകയ്ക്ക് എടുത്ത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മൺസൂൺകാല കടൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി തീരദേശ ജില്ലകളിൽ മേയ് 15 മുതൽ കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ട്രോളിങ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആശ്വാസങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കമോ; | (ബി) | 2012-ലെ ട്രോളിംഗ് നിരോധന കാലയളവിൽ (ജൂൺ 15 മുതൽ ജൂലൈ 31 വരെയുള്ള 47 ദിവസം) തൊഴിൽ രഹിതരാകുന്ന യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്കും ഹാർബറുകളിലെ അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും സൗജന്യറേഷൻ നൽകുന്നതിനായി ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ ട്രോൾബാൻ കാലയളവിൽ തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | കടലോര മത്സ്യത്തൊഴിലാളികൾക്ക് ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ സമ്പാദ്യ സമാശ്വാസമായി 600 രൂപ വീതം മൂന്നു മാസമായി ആകെ 1800 രൂപ നൽകി വരുന്നു. |
| (സി) | നിരോധനസമയത്ത് വിദേശ കപ്പലുകൾ രാജ്യത്തിന്റെ സമുദ്രാതിർത്തികളിൽ മത്സ്യബന്ധനം നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ട്രോളിംഗ് നിരോധന സമയത്ത് വിദേശ കപ്പലുകൾ കേരളത്തിന്റെ അധികാര പരിധിയിലുള്ള ടെറിട്ടോറിയൽ വാട്ടേഴ്സിൽ (12 നോട്ടിക്കൽ മൈൽ) മത്സ്യബന്ധനം നടത്തുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

Jayan

സെക്ഷൻ ഓഫീസർ